പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *272 20.06.2014-ൽ മറുപടിയ്ക്ക്

## കേരള സർവ്വ വിജ്ഞാന കോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത് :<br>" വി.റ്റി. ബൽറാം:<br>" ഷാഫി പറമ്പിൽ :<br>"ജോസഫ് വാഴക്കൻ : | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള കേരള സർവ്വ വിജ്ഞാന കോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ നടന്ന് വരുന്നുണ്ടോ; വിശദമാക്കുമോ; | (എ) | കേരള സംസ്ഥാനസർവവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുവർണ ജൂബിലി ആഘോഷം ഇപ്പോൾ നടന്നു വരുന്നില്ല. ആഘോഷത്തിന്റെ ഉദ്ഘാടനം 26/11/2013 ന് തിരുവനന്തപുരത്ത് വച്ച് നടത്തിയിരുന്നു. സമാപന സമ്മേളനം 4/1/2014 ന് തൃശ്ശൂരിൽ വച്ച് നടത്തുകയും ചെയ്തു. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ആയതിൻപ്രകാരം കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | സുവർണ ജൂബിലി ആഘോഷവുമായി ബന്ധപ്പെട്ട് കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സാംസ്കാരിക സ്ഥാപനങ്ങളെ സംബന്ധിച്ച ഒരു റഫറൻസ് ഗ്രന്ഥം പ്രസിദ്ധീകരിച്ചു. |
| (സി) | ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | സർവ വിജ്ഞാന കോശം വാല്യങ്ങൾ ലോകത്തെവിടെയുമുള്ള മലയാളികൾക്കും പുതുതലമുറയ്ക്കും പ്രാപ്തമാക്കുന്നതിന് വേണ്ടി മുഴുവൻ വാല്യങ്ങളും ഡിജിറ്റൈസ് ചെയ്ത് വെബ്ബിൽ ലഭ്യമാക്കുന്ന പ്രക്രിയ നടന്നു വരുന്നു. കേരള |

| | | | |
|---|---|---|---|
| | | | സംസ്ഥാനസർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച വാല്യങ്ങളുടെ ഡിജിറ്റൈസേഷനം, കേന്ദ്ര സർക്കാരിന്റെ ഇൻഫർമേഷൻ ആന്റ് ടെക്നോളജി വകുപ്പിന്റെ പൂർണ്ണ സാമ്പത്തിക സഹായത്തോടെ വിക്കിപീഡിയ മാതൃകയിൽ ഒരു നോളജ് വെബ് റിപ്പോസിറ്ററി സെന്റർ (കേരള വെബ് റിപ്പോസിറ്ററി പൈലറ്റ് പ്രോജക്ട്) പ്രോജക്ടും അന്തിമ ഘട്ടത്തിലാണ്. |
| (ഡി) | ഇൻസ്റ്റിറ്റ്യൂട്ടിന്റെ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള എല്ലാ കരാർ ജീവനക്കാരേയും സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കാമോ; വ്യക്തമാക്കാമോ ? | (ഡി) | കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനം പി.എസ്.സിക്ക് വിട്ടിട്ടുള്ളതാണ്.എന്നാൽ സ്പെഷ്യൽ റൂൾസ് നിലവിൽ വരാത്തതിനാൽ കരാർ ജീവനക്കാരുടെ സേവനം കൂടി ഉപയോഗിച്ചാണ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത്. സാംസ്കാരിക സ്ഥാപനങ്ങളിലെ കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ സർക്കാർ നയപരമായി തീരുമാനിക്കുകയോ അതിന് മാനദണ്ഡം നിശ്ചയിക്കുകയോ ചെയ്തിട്ടില്ല. സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിലെ കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ